# ഏകദിന ക്ലാസ്

നെടുങ്കണ്ടം ● മഴക്കാല ആരംഭത്തോടു അനുബന്ധിച്ചു ഏലം കൃഷിയിലെ വള പ്രയോഗ കീടരോഗ നിയന്ത്രണ മാർഗങ്ങൾ എന്ന വിഷയത്തിൽ ഏകദിന ക്ലാസ് ജൂൺ 3ന് രാവിലെ 10 മുതൽ 3 വരെ ശാന്തൻപാറ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തും. റജിസ്ട്രേഷൻ ഫീസ് 150 രൂപ. താൽപര്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യണം. ഫോൺ: 9526020728, 8157895397, 9496762407.

# അവാർഡ് സമ്മാനിച്ചു

കട്ടപ്പന ● കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് ഉടുമ്പൻചോല താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്കുള്ള അവാർഡ് ദാനവും നടത്തി. നഗരസഭാ ചെയർമാൻ ജോയി വെട്ടിക്കുഴി ഉദ്ഘാടനം ചെയ്തു. താലൂക്ക് യൂണിയൻ പ്രസിഡന്റ് ജിനേഷ്.കെ.ജോസഫ് അധ്യക്ഷത വഹിച്ചു. യുഡിഎഫ് ഉടുമ്പൻചോല നിയോജകമണ്ഡലം ചെയർമാൻ ജിൻസൻ പ്രസംഗിച്ചു.